Draft #2 of File AcAVI/PS Nair/Endt/2009 Approved by ASSISTANT REGISTRAR II (ACADEMIC) on 13-Nov-2020 04:35 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയിലെ സ്തുത്യർഹമായ സേവനത്തിന് അസിസ്റ്റൻറ് രജിസ്ട്രാർ പദവിക്ക് താഴെയുള്ള അനദ്ധ്യാപക വിഭാഗം ജീവനക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള ശ്രീ. പി. ശേഖരൻ നായർ എൻഡോവ്മെന്റിന്റെ സഞ്ചിത നിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് - ഫിനാൻസ് വിഭാഗത്തിൻറെ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 6 സെക്ഷൻ**

നമ്പർ. 5436/AC A 6/2020/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 17.11.2020

---

*പരാമർശം:*-1. 04.08.2003 തീയതിയിലെ Ac AVI/P.S. Nair/End/2003 നമ്പർ സർവ്വകലാശാല ഉത്തരവ്.

2. ശ്രീ. പി. ശേഖരൻ നായരുടെ 23.02.2019 തീയതിയിലെ കത്ത്.

3. 13.10.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നമ്പർ: 73/20.05/DDFS-AcAVI/PSNair/Endt/2009.

**ഉത്തരവ്**

സർവ്വകലാശാലയിലെ സ്തുത്യർഹമായ സേവനത്തിന് അസിസ്റ്റൻറ് രജിസ്ട്രാർ പദവിക്ക് താഴെയുള്ള അനദ്ധ്യാപക വിഭാഗം ജീവനക്കാർക്ക് പരാമർശം (1) പ്രകാരം 2003 മുതൽ ശ്രീ. പി.ശേഖരൻ നായർ എൻഡോവ്മെൻറ് ഏർപ്പെടുത്തിയിട്ടുണ്ട്. എൻഡോവ്മെന്റിന്റെ സഞ്ചിത നിധിയും അതിൽ നിന്നും ലഭിക്കുന്ന പലിശയും മെച്ചപ്പെട്ട രീതിയിൽ അവാർഡ് നൽകുന്നതിന് അപര്യാപ്തമായതിനാൽ സഞ്ചിത നിധി വർദ്ധിപ്പിക്കുന്ന കാര്യം ശ്രീ. പി. ശേഖരൻ നായരുടെ ശ്രദ്ധയിൽപെടുത്തുകയും , ചില നിബന്ധനകളോട് കൂടി സഞ്ചിത നിധി വർദ്ധിപ്പിക്കാൻ തയ്യാറാണെന്ന് പരാമർശം (2) പ്രകാരം അദ്ദേഹം അറിയിക്കുകയും ചെയ്തിരുന്നു.

ശ്രീ.പി.ശേഖരൻ നായരുടെ നിബന്ധനകളിന്മേൽ സർവ്വകലാശാല ഫിനാൻസ് വിഭാഗത്തിൻറെ ശിപാർശയോടു കൂടി ഈ വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിക്കുകയുണ്ടായി. 13.10.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം താഴെപ്പറയും വിധം തീരുമാനിച്ചു.

"സർവകലാശാലയിലെ സ്തുത്യർഹമായ സേവനത്തിന് അസിസ്റ്റൻറ് രജിസ്ട്രാർ പദവിക്ക് താഴെയുള്ള അനദ്ധ്യാപക വിഭാഗം ജീവനക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള ശ്രീ. പി. ശേഖരൻ നായർ എൻഡോവ്മെന്റിൻറെ സഞ്ചിത നിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ഫിനാൻസ് വിഭാഗത്തിൻറെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കാൻ തീരുമാനിച്ചു.

എല്ലാ വർഷവും ഓഗസ്റ്റ് മാസം, അവാർഡ് ജേതാവിനെ കണ്ടെത്തി വിതരണം നടത്തുന്നതിനും ടി കാലയളവിനെ അടിസ്ഥാനമാക്കി ഈ ഫിക്സഡ് ഡെപ്പോസിറ്റ് എല്ലാ വർഷവും due ആകുന്നതനുസരിച്ച് പുതുക്കി, അതിൽ നിന്ന് ലഭിക്കുന്ന പലിശ അവാർഡിനായി ഉപയോഗിക്കുന്നത്

പരിഗണിക്കുന്നതിനും 2021 - വരെ എൻഡോവ്മെൻറ് വിതരണത്തിന് സർവ്വകലാശാല ഫണ്ടിൽ നിന്നും തുക കണ്ടെത്തുന്നതിനും ശ്രീ. പി. ശേഖരൻ നായരുടെ ആവശ്യപ്രകാരം, ടി. തുക ട്രഷറിയിൽ നിക്ഷേപിച്ചാൽ, യഥാസമയം പിൻവലിക്കാൻ കാലതാമസം ഉണ്ടാകുന്നതാണെന്നും 1000/- രൂപയുടെ എൻഡോവ്മെൻറ് പണമായി ഒന്നിലധികം ആളുകൾക്കായി നൽകാതെ, അർഹതപ്പെട്ട ഒരു ഉദ്യോഗസ്ഥന്/ഉദ്യോഗസ്ഥക്ക് തത്തുല്യമായ തുകക്ക് സർവ്വകലാശാലയുടെ എംബ്ലം വച്ച ഒരു മൊമെന്റോ കൊടുത്ത് ആദരിക്കുന്നതിനും പ്രസ്തുത അവാർഡിനായി പരിഗണിക്കപ്പെടുന്നയാൾ മികച്ച രീതിയിലും കൃത്യനിഷ്ഠയോടും കൂടി ജോലി ചെയ്യുന്ന ആളും അതിനുപരി നല്ല പെരുമാറ്റത്തിന് ഉടമയായിരിക്കുകയും ചെയ്യുന്നത് അഭികാമ്യമായിരിക്കുമെന്നും ഈ മാനദണ്ഡങ്ങൾക്കനുസൃതമായി ബ്രാഞ്ച് ഓഫീസർമാർ തിരഞ്ഞെടുക്കുന്ന ഉദ്യോഗസ്ഥരിൽ നിന്ന് ഏറ്റവും സീനിയർ ആയ ആളെ പരിഗണിക്കുന്നതിനും എൻഡോവ്മെന്റിന്റെ സഞ്ചിതനിധി, ട്രഷറിയിൽ നൂറ് വർഷത്തേക്ക് നിക്ഷേപിക്കാൻ സർവ്വകലാശാല തയ്യാറായാൽ, 14000/- രൂപയായി സഞ്ചിത നിധി വർദ്ധിപ്പിക്കാം എന്ന ശ്രീ.പി. ശേഖരൻ നായരുടെ നിലപാട്, ട്രഷറിയിൽ നൂറ് വർഷത്തേക്ക് നിക്ഷേപിക്കണമെന്ന നിബന്ധന ഒഴിവാക്കി അംഗീകരിക്കുന്നതിനും " തീരുമാനിച്ചു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)

പകർപ്പ്

1. വൈസ് ചാൻസലർ, പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ.
3. ശ്രീ. പി. ശേഖരൻ നായർ
4. എ ഡി.ഡി
5. ആഡിറ്റ് 1/ ജനറൽ ക്യാഷ്
6. എ.സി.സി I
7. പി.ആർ.ഒ, എൻക്വയറി, I.Q.A.C, കണ്ടെൻറ് മാനേജ്മെൻറ്
8. ഡയറക്ടർ, കെ.എസ്.എ.ഡി
9. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ

Draft #2 of File AcAVI/PS Nair/Endt/2009 Approved by ASSISTANT REGISTRAR II (ACADEMIC) on 13-Nov-2020 04:35 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം